# വി.കെ.എസ്.എച്ച്.എസ്.എസ്

## വരക്കാട്




# കലിഗ



ലിറ്റിൽ കൈറ്റ്സ്

# ...താളുകളിൽ...


മാളുവിന്റെ  പട്ടിക്കുട്ടി...........................................................................കഥ
വസന്തം.......................................................................................കവിത
മഴയെ പ്രണയിച്ച ബാലൻ........................................................................കഥ
ലഹരിക്കെതിരെ.........................................................................ലേഖനം
ശിഷ്ടകാലം.....................................................................................കഥ
പ്രകൃതിയിലൂടെ.......................................................യാത്രാ വിവരണം
തുരുമ്പെടുത്ത  വാതിൽ..........................................................................കഥ
വരകളിലൂടെ...................................................................................വര
പ്രതീക്ഷയോടെ.................................................................................കഥ

# മാളുവിന്റെ പട്ടിക്കുട്ടി

ആഗ്നേയ രാജീവൻ 8 C

മാളുവിൻെറ സ്കൂൾ ജീവിതത്തിലെ ഒരു അവധിക്കാലം . അതും അവളുടെ മുത്തശിയുടെ വീട്ടിൽ , നെയ്യാറ്റിൻകര എന്നു പറയുന്ന സ്ഥലം.അവിടെയാണ് മാളുവിൻെറ അവധിക്കാലം തുടങ്ങുന്നത്. മാളുവിൻെറ മുത്തശ്ശി അവൾക്കെന്നു രാത്രിയിൽകഥകൾ പറഞ്ഞുകൊടുക്കമായിരുന്നു.മുത്തശ്ശിയുടെ വീട്ടിൽ ഒരു പട്ടിക്കുട്ടി ഉണ്ടായിരുന്നു. അതിൻെറ പേര് അപ്പു. ഈ പട്ടിക്കുട്ടിയെ മുത്തശ്ശിക്ക് ഉത്സവപറമ്പിൽ നിന്ന് കിട്ടിയതാണ്. അവിടെനിന്ന് മുത്തശ്ശിയുടെ വീട്ടിൽ കൊണ്ടുവന്ന് അതിനുവേണ്ട ഭക്ഷണവും വെള്ളവും കൊടുത്ത് അതിനെ വളർത്തി. മാളുവിൻെറ അമ്മയും അച്ഛനും പട്ടണത്തിലാണ്. മാളുവിന് പട്ടണത്തിൽ താമസിക്കാൻ അത്ര താത്പര്യം ഉണ്ടായിരുന്നില്ല. അവൾക്ക് മുത്തശ്ശിയുടെ വീട്ടിൽ താമസിക്കാനാണേറ്റവും ആഗ്രഹം.അവിടെ മാളുവിന് കളിക്കുവാൻ ഒരുപാട് കുട്ടികളുണ്ടായിരുന്നു.മാളുവിൻെറ മുത്തശ്ശിയുടെ വീടിനുപിറകിൽ വലിയ കാടായിരുന്നു. അങ്ങനെയിരിക്കെ മാളു മുറ്റത്തേക്ക് ഇറങ്ങിനടന്നു.അപ്പോഴാണ് അപ്പുവിൻെറ കുസൃതികൾ . അതിനിടെയാണ് ഒരു മുയൽക്കുട്ടി മാളുവിൻെറ മുന്നിൽ പെട്ടത്. അപ്പു ആ മുയൽക്കുട്ടിയെ ഓടിക്കാൻ തുടങ്ങി. മാളു അതിനനുവദിച്ചില്ല. അവൾ അപ്പുവിനോട് മാറിനിൽക്കാൻ പറഞ്ഞു. എന്നിട്ട് മാളു അതിനെ എടുക്കാൻ നോക്കി പക്ഷേ അത് അവളുടെ കൈയിൽ നിന്നും ചാടി കാട്ടിലേക്ക് പോയി . മാളു അതിൻെറ പിറകെ ഓടി . അങ്ങനെയവൾ കാട്ടിനുള്ളിൽ ചെന്നെത്തി. പിന്നീട് ആ മുയൽക്കുട്ടിയെ

കാണുന്നില്ല. അവൾ തിരിച്ച് വീട്ടിലേക്ക് പോകാൻ അവൾക്ക് വഴി അറിയുമായിരുന്നില്ല. അവളാകെ നിരാശയായി. മാളു കുറച്ചു സമയം ചിന്തിച്ചു. മുത്തശ്ശിയെന്നോട് പറഞ്ഞിരുന്നല്ലോ ഈ കാട്ടിൽ പുലിയുണ്ടാവുമെന്ന്. എന്റെ ഈശ്വരാ !....... ഇതറിഞ്ഞിട്ടാണല്ലോ ഞാനീ കാട്ടിനുള്ളിൽ ചെന്നത് . അയ്യോ ! എനിക്ക് പേടിയാകുന്നു. അവൾ മുത്തശ്ശിയേയും അപ്പുവിനേയും വിളിക്കാൻ തുടങ്ങി. അപ്പോൾ മുത്തശ്ശി ഒരു ശബ്ദം കേട്ട് പുറത്തിറങ്ങി. അപ്പു കുരക്കാൻ തുടങ്ങി. മുത്തശ്ശി ഭയങ്കരമായി പേടിച്ചുപോയി. അപ്പു കാടിനുള്ളിലേക്ക് ഓടിച്ചെന്നു. അപ്പോഴാണ് മാളുവിൻെറ അടുത്തേക്കൊരു പുലി വരുന്നത് കണ്ടത്. അപ്പു ഓടിപോയി പുലിയുടെ നേരെ നോക്കി കുരച്ചു. അങ്ങനെ അപ്പു ആ പുലിയുടെ ശ്രദ്ധതിരിച്ച് അപ്പുവിൻെറ നേരെയാക്കി പുലിയുടെ ശ്രദ്ധ. അപ്പോൾ പുലിക്ക് ദേഷ്യം വന്ന് അപ്പുവിനെ പിടിക്കുടാൻ പോയി. അപ്പുനേരെയോടിച്ചെന്ന് വീട്ടിലേക്ക് പോയി. അവിടെയെല്ലാ നാട്ടുക്കാരും ഒത്തുകുടി ആ പുലിയെ ഓടിപ്പിക്കാൻ നിന്നു . ഒപ്പം ഫോറസ്ററ് ഓഫീസർ ഉണ്ടായിരുന്നു. അവർ പുലിയെ പിടികുടി. അങ്ങനെ അപ്പുവിൻെറ സ്നേഹം കൊണ്ടും ബുദ്ധി കൊണ്ടും മാളുവിനെ രക്ഷിച്ചു. മുത്തശ്ശിയാണ് അപ്പുവിനെ സ്നേഹിച്ചതും വളർത്തിയതുമെല്ലാം ചെയതത്. അതിൻെറ സ്നേഹം അപ്പു കാണിക്കുകയും ചെയ്തു. അങ്ങനെ മാളുവിൻെറ അവധിക്കാലം കഴിഞ്ഞിട്ടില്ല. കളിച്ചും ചിരിച്ചും മാളുവിൻെറ അവധിക്കാലം കടന്നു പോകുന്നു.

# മഴയെ പ്രണയിച്ച ബാലൻ

അങ്ങനെയിരിക്കെ ആ ഒരു പിഞ്ചുകുട്ടി മുറ്റത്തിരുന്നു കളിക്കുന്ന സമയത്ത് പെട്ടെന്ന് ഒരു മഴ വന്നു. ആ കുട്ടിക്ക് മഴയെ വളരെ ഇഷ്ടമായിരുന്നു. അവനെന്തെന്നില്ലാത്ത സന്തോഷം. പെട്ടെന്നാണ് അവൻെറ അമ്മ വന്നത്. അമ്മ അവനെയെടുത്തിട്ടു പറഞ്ഞു. എന്തിനാ മോനെ മഴയത്ത് കളിക്കുന്നത് ? മഴയത്തു കളിച്ചാൽ പനി വരില്ലേ? അമ്മ അവനെ എടുത്ത് അകത്തേക്കുപോയി. അവൻ കരയാൻ തുടങ്ങി. അമ്മ അവനെ സമാധാനിപ്പിക്കുകയും പാട്ടുപാടികൊടുക്കുകയും ചെയ്തിട്ടും കരച്ചിൽ നിർത്തിയില്ല. എന്നിട്ട് അവനൻെറ അമ്മമ്മ അവനെയെടുത്ത് മുറ്റത്തേക്ക് പോയി മഴ കാണിച്ചുക്കൊടുക്കുകയും ആ മഴവെള്ളമെടുത്ത് അവൻെറ മുഖത്തേക്ക് ചെറുതായിട്ടൊന്ന് തെറിപ്പിക്കുകയും ചെയ്തു. അവനൊത്തിരി സന്തോഷമായി. അങ്ങനെയിരിക്കെയൊരു ദിവസം കടയിൽ പോയി സാധനങ്ങൾ വാങ്ങിച്ചു തിരിച്ച് വീട്ടിലേക്ക് വരികയായിരുന്നു അപ്പോൾ ഒരാൾ അവനോടുപറഞ്ഞു മോനെ നീ പഴയതുപോലെ അല്ലല്ലോ ഒരുപാട് വ്യത്യാസം വന്നല്ലോ. അപ്പോൾ വേറൊരാൾ പറഞ്ഞു ശരിയാണ്,അതുമല്ല അവൻ ബാല്യത്തിൽ നിന്നും കൗമാരത്തിലേക്കു കടന്നു. എന്തായാലും ഒരു മാറ്റം വരും. ആ കുട്ടി അവരോട് പിന്നെ കാണാം പറഞ്ഞ് , സാധനം കൊണ്ടു അവൻ വീട്ടിലേക്കുപോയി. അവൻ വീട്ടിലെത്തിയതും മഴ പെയ്യലും ഒരുമിച്ചായിരുന്നു. അവനാമഴ ആസ്വദിച്ചു നിൽക്കുമ്പോഴാണ് അവന്റെമ്മ വന്ന് അവനോട് പറഞ്ഞു : ‘ നീ ഈ മഴയെ പ്രണയിച്ചുക്കൊണ്ട് നിന്നോ, പഠിക്കണ്ട' എന്ന്. അപ്പോഴവൻ പറയുകയാ ' അമ്മേ എല്ലാത്തിനേയും ആസ്വദിക്കണം എന്ന്. അമ്മ അകത്തേക്ക്

പോയി. അമ്മമ്മയോട് മഴയെ പ്രണയിക്കുന്ന ബാലൻ വന്നിരിക്കുകയാണ് എന്നു പറഞ്ഞു. അപ്പോൾ മുത്തശ്ശി പറഞ്ഞു.അവൻ ആസ്വദിക്കട്ടെ എന്ന്. അവൻ ആ മഴയെ ആസ്വദിച്ചു കൊണ്ടിരുന്നു.

# ശിഷ്ടകാലം

എടാ നാണുവേ നിന്നെകാണാൻ ദാ ദേവി വന്നിട്ടുണ്ട്.
ശങ്കരൻെറ ആ വാക്കുകൾ നാണുവിൻെറ കതകടഞ്ഞ
മനസ്സിൻെറ ഇരുളിമയിലൂടെ ഒരു പ്രകാശ വലയം
തീർത്തുകൊണ്ട് തുറന്നു വന്നു. ഉറക്കത്തിൽ നിന്നും ഞെട്ടി
ഉണരുന്ന പോലെ നാണു ഉണർന്നു.ദേവിയെ
കാണാൻ നീ പോകുന്നില്ലേ? ശങ്കരൻറെ ആ ചോദ്യത്തിന്
നാണുവിന് മനനം മാത്രമേ ഉത്തരമായി നൽകാനുള്ളു .
തൻറെ സ്വാർത്ഥതയിൽ ഇല്ലാതാക്കിയത് അഞ്ച് മാസം
പ്രായമുള്ള പിഞ്ചുകുഞ്ഞിൻറെ ജീവിതം. നാണുവിനെ ശങ്കരൻ
ഏറെ ശകാരിച്ചു. എടാ നാണു അതു നിൻറെ മകളാണെടാ
പോയി സംസാരിക്ക്,നീ അല്ലാതെ അവൾക്ക് ആരുണ്ട്?
നാണു ജനലിൻറെ ഇടയിലൂടെ കൈകൾ പുറത്തിട്ട്
ആരോടോ മാപ്പ് ചോദിക്കുന്നത് ശങ്കരൻ ശ്രദ്ധിച്ചു.പെട്ടന്ന്
പോലീസുകാരിൽ ഒരാൾ വന്നു ശങ്കരനോട് എന്തോ
പിറുപിറുത്തു. അത് കേട്ടതും നാണുവിൻെറ മുഖത്തേക്ക്
ക്രൂരമായി ശങ്കരൻ നോക്കി.
നാണ്വ ദേവി പോയി,ആ പോലീസുകാരൻ
കനിഞ്ഞതുകൊണ്ടാണ് പത്ത് മിനുട്ട് സംസാരികാൻ
അനുവാദം കിട്ടിയത് അതും രണ്ടാഴ്ചത്തെ പരിശ്രമത്തിൻെറ
ഫലമായി. നിൻെറ കർമ്മത്തിൻെറ
ഫലം ആ പാവം ദേവിയെ തീറ്റിപ്പക്കുന്നതെന്തിനാ?
ആ ചോദ്യം നാണുവിനെയേറെ അസ്വസ്ഥനാക്കി. നരച്ച
താടിയിലൂടെ നാണുവിൻറെ വിരലുകൾ ചലിച്ചു.
എൻെറ നാണ്വ വാ എന്തെങ്കിലും മൊഴിയുമോ? ഞാൻ
ഭക്ഷണപ്പുരയിൽ പോയിനോക്കട്ടെ ഇന്ന് എനിക്കാണ്

ഉത്തരവാദിത്വം ലഭിച്ചത്.ശങ്കരനെ സംബന്ധിച്ചിടത്തോളം നാണു മൗനമായി ഇരിക്കുന്നത് വളരെ ദേഷ്യം ഉണ്ടാക്കുന്ന ഒന്നാണ്.
നാണുവിനോട് ശങ്കരൻ എന്തൊക്കെ സംസാരിച്ചിട്ടും യാതൊന്നും നാണു തിരിച്ച് പറഞ്ഞില്ല. ഇതിലുണ്ടായ ദേഷ്യം നാണുവിനോട് ശങ്കരന് തീർക്കാൻ കഴിയില്ല, കാരണം ദേവിയുടെ വരവിൽ ആകെ തകർന്നു നിൽക്കുകയാണ് നാണു. അതിനാലാണ് ഇല്ലാത്ത പണി ഉണ്ടെന്ന വ്യാജേന നാണുവിൽ നിന്നും ശങ്കരൻ ഒഴിഞ്ഞുമാറിയത്,അന്ന് രാത്രിയിൽ ജയിലിലേക്ക് എവിടെനിന്നോ ഒരു മൂളിപ്പാട്ട് വന്നു. ദേവിയുടെ വരവിൽ മനംനൊന്ത് കിടക്കുന്ന നാണുവിനുണ്ടോ ഉറക്കം – ആ മൂളിപ്പാട്ടിനൊപ്പം പിടിച്ച് ജയിൽ കമ്പിയുടെ തണുപ്പിന് ചുംബിച്ച് നാണു സ്വയം സമാധാനിച്ചു.നാണു ആരാണ് ? എന്താണ്? എന്ത് കുറ്റം ചെയ്തതി   പേരിലാണ് ഈ ജയിലിൽ വന്നതെന്നോ ശങ്കരനോ മറ്റ് ജയിലിൽ വാസികൾക്കോ അറിയില്ല.എന്നാൽ ദേവിയെന്ന പേരിലൊരു മകളുണ്ടെന്നും അവളെ കാണാൻ മാലാഖകുഞ്ഞിനെ പോലെയാണ് എന്നും നാണുപറ ശങ്കരനും അറിയാം നാണുവി  കയ്യിൽ ദേവിയുടെ ഒരു ഫോട്ടോ ഉണ്ടായിരുന്നു.എന്നാലത് ശങ്കരനല്ലാതെ മറ്റാരും കണ്ടിട്ടില്ല.നാണു കാണിച്ചിട്ടുമില്ല.അന്ന് രാത്രി ശങ്കരനെ കുറേ പോലീസുകാരുടെ അകമ്പടിയുടെ എവിടേയോ കൊണ്ട്പ്പോയി.എന്നാൽ നാണുവിനെ ശങ്കരൻ നോക്കിയ നോട്ടം അവരുടെ സൗഹൃദത്തിലെ അവസാന കണ്ണിയായിരിക്കും.ശങ്കരനെ മറ്റൊരു ജയിലിലേക്കു മാറ്റി.അന്ന് നാണുവിനെ മറ്റൊരു ജയിൽ മുറിയിലേക്കു മാറ്റി.ആ മുറി പൂട്ടുമ്പോൾ പോലീസുക്കാരൻമുഖത്തേക്കു നാനു ഭയനീയമായി നോക്കി.നാണു ശങ്കരനെ നാളെ ഹൈക്കോടതിയിൽ ഹാജറാക്കണം.അതുക്കൊണ്ടവനെ എറണാകുളത്തുള്ള ജയിലിലേക്ക് മാറ്റി.പോലീസുക്കാരനോട് അതിനുള്ള മറുപടിക്ക്

പകരം മറ്റെന്തോ പറയാൻ നാണു ശ്രമിച്ചു.എന്നാൽ നാണുവിനോട് എന്നാൽ നാണുവിനോട് സംസാരിക്കുന്ന കണ്ട മറ്റൊരു പോലീസുക്കാരൻ ഇയാളെ നാണുവിൽ നിന്നകറ്റി . പെട്ടന്ന് ജയിൽ വാതിലിൻെറ ഇടയിലൂടെ അയാൾ നാണുവിന് ഒരു കത്ത് നൽകി. പ്റിയപ്പെട്ട അച്ഛനെ കാണാൻ ഞാൻ വന്നിരുന്നു , അച്ഛന് വയ്യാത്തതുകൊണ്ട് കിടക്കുകയാണ് എഴുന്നേൽക്കാൻ വയ്യ എന്ന് ശങ്കരൻ എന്നൊരാൾ വന്ന് പറഞ്ഞ്ഞു അച്ഛാ ഈ കത്ത് അച്ഛന് ചിലപ്പോൾ ഹരിയായിരിക്കും തരുക. ഹരിയെൻെറ കൂടെ പഠിച്ചവന്ണ് . അവനിപ്പോൾ അവിടേയാ ജോലിച്ചെയ്യുന്നത്.അഛൻെറ
അസുഖം മാറുമ്പോൾ എനിക്ക് കത്തെഴുതണം. എത്ര നാളായി അഛൻെറ
കത്തിനായി ഞാൻ കാത്തിരിക്കുന്നു. വേഗം
അസുഖം മാറട്ടെ."
കത്ത് വായിച്ചതും നാണു അത് മാറോട് ചേർത്ത് കരഞ്ഞു. ശബ്ദം ഇടറിയ ഞാൻ കയ്യിൽ മൂർച്ചയേറിയ കത്തി,അവളുടെ രക്തം ഈ കൈയ്യിലല്ലേ ഞാൻ...വയ്യ ഓർക്കാൻ വയ്യ...നിന്നോട് എങ്ങനെ പറയണം നിൻ്റെ അമ്മയെ ഞാൻ കൊന്നു എന്ന് ?
ഇന്നും എൻ്റെ മോള് അമ്മ ഗുജറാത്തിൽ വീട്ടുജോലി ചെയ്യുന്നുവെന്ന് കരുതി ജീവിക്കുന്നതല്ലേ .ഞാൻ എന്തു മഹാപാപി ദൈവമേ...

പെട്ടെന്ന് നാണുവിന് കഠിനമായ നെഞ്ചുവേദന അനുഭവപ്പെട്ടു. പോലിസുകാർ അയാളെ ഹോസ്പിറ്റലിൽ എത്തിച്ചു. പെട്ടെന്നാണവൻ ഒര്രു ശബ്ദം കേട്ടത്. "ഹരി... നീയിവിടെയെന്താ ചെയ്യുന്നത് ?"
അത് ദേവിയുടെ ശബ്ദമായിരുന്നു."ദേവി അത് പിന്നെ നിൻെറ അചഛന് ചെറിയൊരു നെഞ്ചുവേദന. പേടിക്കാനൊന്നുമില്ല. ബി.പി കുറഞ്ഞതാണെന്ന് മാധവൻ ഡോക്ടർ പറഞ്ഞു."ഹരി

പറഞ്ഞുത്തീരുന്നതിനു മുൻപു തന്നെയവൾ ചോദിച്ചു.
“അച്ഛനെ കാണാൻ കഴിയുമോ?എന്നാൽ അത് സാധ്യമല്ല എന്ന ഹരിയുടെ മറുപടിയിൽ അവൾ മൂകയായി.അവളെ സമാധാനിപ്പിക്കാൻ ഹരി ചോദിച്ചു."ദേവി നീ രണ്ടു ദിവസം കഴിഞ്ഞ് വാ.അപ്പോൾ കാണാം.അതിരിക്കട്ടെ നീയെന്താ ഇവിടെ?" എന്റെ അമ്മ ഇരുട്ടിൽ ഒരു ചിരവയുടെ മേലേക്ക് വീണു. ഇവിടെയാ ചികിത്സിക്കുന്നത്. ആ മറുപടിയിൽ ഹരി കുഴഞ്ഞു മറിഞ്ഞു. ഉടൻ തന്നെ മേലധികാരികളെ വിവരമറിയിച്ചു .എല്ലാവരും അത്ഭുതത്തോടെ ആ വാർത്ത കേട്ടു.അതിൽ ഒരു പോലീസുക്കാരൻ ചോദിച്ചു :"അപ്പോൾ നാണു കൊന്നത് ?"
ഹരി സംശയത്തോടെ മറുപടി പറഞ്ഞു
"ചിലപ്പോൾ നാണുവിന്റെ ഭാര്യ ചിരവയിലേക്ക് വീണതിലൂടെ ഉണ്ടായ രക്തം തന്റെ കത്തി കൊണ്ട് ഉണ്ടായ രക്തമാണെന്ന് അയാൾ തെറ്റദ്ധരിച്ചു കാണും."
പോലീസിലെ മേലാധികാര ചോദിച്ചു: “അപ്പോൾ അന്ന് വത്സല എന്ന പേരിൽ ഹോസ്പിറ്റലിൽ നിന്ന് കിട്ടിയ ജഡമോ? അത് മറ്റാരുടെയെങ്കിലും ആണോ ? ഹരി തുടർന്നു. സാധ്യതയുണ്ട് അയാൾ സ്വയം ഞാൻ ഭാര്യയെ കൊന്നുയെന്ന് പറഞ്ഞത്
നമ്മളല്ലേ വിശ്വസിച്ചത്.

ഈ സത്യം നാണുവിന് പുതിയൊരു ജീവിതം നൽകി . ശിഷ്ടകാലം ലഹരിക്ക് അടിമപ്പെടാതെ ഒരു നല്ല കുടുംബനാഥനായി ജീവിതം തുടർന്നു.

ലഹരി നമ്മേ നാമല്ലാതാക്കുന്നു......

# തുരുമ്പെടുത്ത  വാതിൽ

കുറേ നാളായി വയ്യാതായിട്ട്, ഒന്ന് നേരെ എഴുന്നേറ്റ് നടക്കാൻ പോലും കഴിയുന്നില്ല. ഇടിഞ്ഞ് വീഴാറായ ആ വീട്ടിൽ തനിച്ചാണ് കഴിയുന്നത്.വാതിലെല്ലാം തുരുമ്പ് പിടിച്ചിരിക്കുകയാണ്.നേരെ തുറക്കാൻ പോലും കഴിയുന്നില്ല.ശരീരം മുഴുവൻ വേദനയാണ് ഇനി അധിക നാളൊന്നുമില്ല.

"അമ്മേ, ഇതാ നെയ്യപ്പം,വീട്ടിലുണ്ടാക്കിയതാ, കുറച്ച് അമ്മയ്ക്കും തരാന്ന് കരുതി."

ലളിതയാണ്,അവളാണ് ആകെ ആശ്വാസം. അവരെല്ലാം അവരുടെ കാര്യം നോക്കി അങ്ങ് ദൂരെയാണ്.എപ്പെഴെങ്കിലും വിളിച്ചാൽ ഫോൺ എടുക്കില്ല.തിരിച്ച് വിളിച്ചാൽ തന്നെ ഭയങ്കര തിരക്കാണ്.

"മക്കളൊക്കെ വിളിക്കാറില്ലേ?"

"ഉം"

എന്നുമാത്രം പറഞ്ഞു, മനസ്സിനുള്ളിൽ നിന്ന് വെമ്പുന്നുണ്ടായിരുന്നു.അവൾ തൊട്ടപ്പുറത്തെ വീട്ടിലാണ് താമസം.അവൾ മാത്രമാണ് എന്താവശ്യത്തിനും ഓടിവരാറുള്ളത്.

"ഇവിടാരുല്ലേ?"

"ഉണ്ട്, ആരാ,വരിൻ"

ഒരു നിമിഷം ആളെക്കണ്ടപ്പോൾ ഞെട്ടിപ്പോയി. മകനാണ് രജേഷ്. 4 വർഷത്തിനുശേഷം വന്നിരിക്കുകയാണ്.

"എന്താമ്മേ സുഖമല്ലേ?"

"ആ മോനേ,ഇപ്പോഴെങ്കിലും ഇങ്ങോട്ട് വരാൻ തോന്ന്യല്ലോ."

"തിരക്കല്ലേ അമ്മേ,സമയം കിട്ടണ്ടേ?"
"മക്കളെല്ലാം അവിടെ എങ്ങനെയാ മോനെ,സുഖമല്ലേ,എന്നാ അവരെ എല്ലാം കൂട്ടാൻ മേലായിരുന്നോ?"

"ചെറിയൊരു ജോലിയുടൊരാവശ്യത്തിന് ഇവിടെ അടുത്ത് വരെ വരേണ്ടി വന്നു.അതാ ഞാൻ വന്നത്.അപ്പോൾ അമ്മയെ ഒന്ന് കണ്ടിട്ട് പോവാന്ന് കരുതി. തീരെ സമയമില്ല. വേഗം പോവണം,ഇല്ലങ്കിൽ ഫ്ലൈറ്റ് മിസ്സാവും."
മനസ്സ് ആകെ ഒന്ന് പതറി. മകൻ നിന്നെ കാണാൻ വന്നതാണെന്നാണ് കരുതിയത്.
വേറെന്തോ ആവശ്യത്തിന് വന്നപ്പോൾ കയറിയതാണെന്ന്സത്യം കുറച്ച് വിഷമത്തോടെ ആണെങ്കിലും മനസ്സിലാക്കി. ചിന്തകൾ ചെറുപ്പത്തിലേക്ക് പറന്നു.

മക്കളായിരുന്നു തനിക്ക് എല്ലാം അച്ഛനില്ലാത്ത മക്കളെ ഈ രീതീയിലാക്കിയതിൻെറ പിന്നിലെ കഥ മക്കൾക്കറിയില്ലല്ലോ. തന്നെക്കൊണ്ടാവുന്ന എല്ലാ തരം ജോലിയും ചെയത് അച്ഛനില്ലാത്ത വിഷമം അറിയിക്കാതെ വളർത്തി നല്ല നിലയിൽ എത്തിച്ചു. എന്നിട്ടിപ്പോയോ?......
"എന്താമ്മേ എന്താ ചിന്തിക്കണ്?"
"ഒന്നുല്ലാ മോനെ, പിന്നെന്താ വിശേഷം?"
"നല്ല വിശേഷം പറയാനുള്ള നേരം ഒന്നുമില്ല്യമ്മേ, ഞാൻ ഇറങ്ങാണ്, ഇപ്പോൾ തന്നെ നല്ലോണം ലേറ്റായി."
അവൻ മുറ്റത്തിറങ്ങി മറയുന്നത് വരെ നോക്കി അവിടെ തന്നെ നിന്നു. അവൻ മറഞ്ഞപ്പോൾ അകത്ത് കയറി വാതിലടച്ചു
'തുരുമ്പെടുത്ത ആ വാതിൽ ' അടക്കാൻ കുറച്ച് കഷ്ടപ്പെടേണ്ടി വന്നു......

[നജ്മുന്നീസാ 10 D]

# വസന്തം

വസന്തകാലം വിദൂരമല്ലേ
ഏറെ കാത്ത മണ്ണിലേക്ക് നേർത്തനൂൽ പോൽ
മഴ പെയ്തിറങ്ങി
തണലേറ്റ മയങ്ങുന്ന വാകപൂക്കളെ
 വിളിച്ചുണർത്തി
ഋതുഭേദങ്ങളെ കൂട്ടുപിടിച്ചവൾ
തളിരിട്ടു
വാകയ്ക്ക് ഓർമ്മകളുടെ ഗന്ധമാണ്
ആ പഴയ ഓർമ്മകൾക്ക് ഇന്ന് പ്രസക്തിയില്ല
മറ്റൊരു പൂവിന് ഇടം നൽകിക്കോണ്ട്
പൂക്കൾ പൊഴിഞ്ഞുപോകാൻ തുടങ്ങി
വെയിൽ പെയ്യാൻ തുടങ്ങി
നടവഴികളിലെ മരങ്ങൾക്കിടയിൽ തണലേറ്റ മയങ്ങി
നടപാതയിലൂടെ ഞാനിന്ന് തനിയെ നടന്നു
വാകപ്പൂക്കൾ വാടി വീണിട്ടുണ്ട്
വീണിടങ്ങളിൽ അവരൊരു ആയുസ്സിൻെറ
കവിത കുറിച്ചിട്ടുണ്ടാവാം
വസന്തം അവസാനിക്കാറാകുന്നു
ഇതളുകൾ ഓർമ്മകൾ പോലെ കൊഴിഞ്ഞടർന്നു
ഇനിയൊരു പൂക്കാലത്തെ വരവേൽക്കാൻ.......

ഗോപിക രൂപേഷ്

# ലഹരിക്കെതിരെ കരുതിയിരിക്കാൻ *പൊതുസമൂഹം*

ഇന്നത്തെ സമൂഹം ആരെയാണ് ഭയക്കുന്നത് ? എന്തിനേയാണ് ഭയക്കുന്നത് ? സ്വയം ചിന്തിച്ചു നോക്കുക, നാം നമ്മെത്തന്നെയാണ് ഭയക്കുന്നത്. തെറ്റിൽ നിന്നും തെറ്റിലേക്ക് ഒഴുകുന്ന ഈ ജീവിതത്തിൽ അറിഞ്ഞും അറിയാതെയും എത്ര തെറ്റുകളാണ് എണ്ണമില്ലാത്ത ചെയ്തത്. ലഹരിയുടെ ഇരുളണഞ്ഞ വഴിയിലൂടെയുള്ള യാത്രയിൽ അന്ധകാരത്തിൽ അകപ്പെട്ടുപ്പോയ എത്ര ജീവിതം ? ലഹരിയിൽ കത്തിയെരിയുന്ന കുടുംബങ്ങളുടെ കണ്ണുനീരിനുത്തരം പറയാൻ ആര് ഉത്തരവാദിത്വപ്പെട്ടും? ഇന്ന് പല ജീവിതവും വൃണപ്പെടുന്നത് ഈ ലഹരിയുടെ ഭരണം ജീവിതത്തെ സ്വാധീനപ്പെടുത്തുമ്പോഴാണ്. ഇത്രത്തോളം മനുഷ്യനെ കൈയ്യടക്കാൻ മാത്രം എന്താണ് ലഹരി? അറിയണം നമുക്ക് ചുറ്റും നടക്കുന്ന നഗ്ന സത്യങ്ങളുടെ നേർക്കാഴ്ച്ചയ്ക്ക് ഉത്തരമെന്താണെന്ന്. വർഷങ്ങൾക്ക് മുൻപ് കച്ചവടം പുരോഗമിപ്പിക്കുവാൻ പലരാജ്യങ്ങളും മറ്റുരാജ്യങ്ങളുമായി കച്ചവടബന്ധത്തിലേർപ്പെട്ടു. ഇത്തരത്തിൽ യൂറോപ്പ്യൻ രാജ്യങ്ങൾ ചൈനയ്ക്ക് നൽകിയ തീർത്താൽ തീരാത്ത നഷ്ടമായിരുന്നു ലഹരിയുടെ ഉപയോഗം. ലഹരിയുടെ വിഷം പരത്തുന്ന ആനന്ദത്തിൽ മനുഷ്യനെ തിമിരബാധിതനാക്കി, രോഗങ്ങൾ വരുമെന്ന

സത്യത്തെപ്പോലും അതിൻെറ കറുത്ത കൈകളാൽ മറച്ചുവെച്ചു. അന്ന് മാനസികനിലതെറ്റിയ ചൈനയുടെ ജനത അഭിമുഖീകരിച്ച് ആന്തരീക അവയവതകരാർ മാത്രമല്ല മറിച്ച് മനുഷത്വരഹിതമായി കണ്ട ദുഷ്പ്പവർത്തികളെ കൂടിയാണ്.

ഇന്ത്യയിലേക്ക് വന്ന് ലഹരി ആദ്യക്കാലങ്ങളിൽ പുകയിലയുടെയും കഞ്ചാവിൻേറയും രൂപത്തിലായിരുന്നു. ഇതുകഴിച്ച് മന്ദതയിലാഴ്ന്ന മനുഷ്യന്  നഷ്ടമായത് സ്വന്തം ജീവൻ മാത്രമെങ്കിൽ അതവൻെറ മാത്രം നഷ്ടമായി കണക്കാക്കാം എന്നാൽ അതിൻെറ നഷ്ടം ആ കുടുംബത്തിലെ ഓരോ വ്യക്തിയുടേയും ഹൃദയത്തിലും ഉണ്ടാകുന്നു. ഒരു വ്യക്തിയിൽ നിന്നും സമൂഹത്തിലേക്കെത്താൻ ചൈനയിൽനിന്നും ഇന്ത്യയിലേക്ക് എത്താൻ ഉള്ള ദൂരം ആവശ്യമില്ല. വ്യക്തിയടങ്ങുന്ന കുടുംബം സമൂഹത്തെ സൃഷ്ടിക്കുന്നു.

നിവേദിത പി മുരളി<br>10 D

# പ്രതീക്ഷയോടെ

മീനമാസത്തിലെ ചൂട് എരിഞ്ഞടങ്ങി.ജലാശയങ്ങൾ വറ്റിവരണ്ടു.ഒരിറ്റ് ജലത്തിനായി പക്ഷിമൃഗാദികളും മനുഷ്യരും കൊതിയോടെ മാസത്തേക്ക് കണ്ണുനട്ടിരിക്കാൻ തുടങ്ങി.കൊടും ചൂടിൽ വറ്റിവരണ്ട ജലാശയങ്ങൾക്ക് അരികെ പ്രതീക്ഷയോടെ എത്തിയ ജീവികളെല്ലാം നിരാശയോടെ ശിഖരങ്ങൾ ഉണങ്ങിയ വൃക്ഷങ്ങളുടെ ചുവട്ടിൽ തളർന്നിരുന്നു.എങ്കിലും മണ്ണും മനസ്സും കുളിർക്കാൻ ഉടനെ മഴ എത്തുമെന്ന് ഓരോരുത്തരുടേയും മനസ്സു മന്ത്രിച്ചു വീണ്ടും ദിവസങ്ങൾ തള്ളിനീക്കിക്കൊണ്ടിരികെ ഒരു ശുഭപ്രതീക്ഷയോടെ ഇരുണ്ട കാർമേഘങ്ങൾ അവിടെ ഇവിടെയായി ആകാശത്ത് ഇരുണ്ടുക്കൂടി.ഒരു തണുത്ത ഇളംക്കാറ്റ് എല്ലാവരേയും തഴുകി കടന്നുപോയി.നേർത്ത ഇടിമിന്നലോടുകൂടി ഭൂമിയിലേക്കും പതിച്ചു. ശക്തി പ്രാപിച്ച് കനത്ത മഴയായി ഭൂമിയെ തണുപ്പിച്ചു , ജീവജാലങ്ങളെല്ലാം മതിമറന്ന് തുള്ളിച്ചാടി രസിച്ചു. ഇതേ സമയം ജോൺ ജാലകം തുറന്നു.ഒരു തണുത്ത കാറ്റ് അവന്റെ മുഖത്തുതട്ടി.ഈ അനുഭവം പകരാൻ അവന്റെ അനിയത്തിയായ മരിയയുടെ അടുകലേക്ക് ജോൺ ചെന്നു. ഇളം തണുപ്പിൽ മൂടിപ്പുതച്ച് കിടന്നുറങ്ങുകയായിരുന്നു മരിയ.മരിയാ എണീക്ക് നിനക്ക് ഞാൻ ഒരു നല്ല കാഴ്ച്ച കാണിച്ചു തരാം. എണീക്ക് അവൻ

മരിയായെ വിളിച്ചുണർത്തി. കുഞ്ഞിക്കൈകൊണ്ട് കണ്ണുകൾ തിരുമി അവൾ ചേട്ടനെ നോക്കി. എന്താ എന്ന ഭാവം. മടിയോടെ അവൾ എണീറ്റു. ചേട്ടന്റെ കൈയിൽ പിടിച്ചു. ജാലകത്തിന് അരികിലേക്ക് നീങ്ങി.അവൾ പുറത്തേക്ക് തല നീട്ടി. സുന്ദരമായൊരു അനുഭൂതി അവളിലേക്ക് പടർന്ന് കയറി. അവളുടെ സന്തോഷം മുഖത്ത് തെളിഞ്ഞു കാണാം.അവർ രണ്ടുപ്പേരും ഒരുമിച്ച് പുറത്തിറങ്ങി കളിക്കാൻ തുടങ്ങി.അപ്പോൾ അമ്മ വന്ന് നിങ്ങൾ ഇത്രയും സമയം മഴയത്തു കളിക്കുകയായിരുന്നോ?അകത്ത് കയറ് എന്ന് ഉരക്കെ അവരോട് പറഞ്ഞു.നമ്മൾ മഴയത്ത് കളിച്ചില്ല എന്ന മട്ടിൽ അവർ അനങ്ങാതെ നിന്നു." മഴയൊരു സുഖം തന്നെ"ജോൺ പറഞ്ഞു.മരിയ മതി കളിച്ചത് നമുക്ക് അകത്തേക്ക് പോകാം,അമ്മ വിളിക്കുന്നു.ജോൺ,മരിയ എന്ന അമ്മയുടെ കാതിൽ തട്ടി.രണ്ടു പേരും അകത്തേക്ക് കയറി.ശരീരത്തിൽ വല്ലാത്ത തണുപ്പുകയറി രണ്ടുപ്പേരും വിറയ്ക്കാൻ തുടങ്ങി.അമ്മ അവരുടെ തലയും ദേഹവും തുടച്ചു കൊടുത്തു.ഇനി രണ്ടുപ്പേരും പോയി പല്ലുതേക്ക്,ചായകുടിക്കാം.നല്ല ചൂട് ചായ കുടിച്ചാൽ തണുപ്പ്മാറിക്കിട്ടും.

ചായകുടിച്ച് രണ്ടുപ്പേരും ജാലക്കത്തിനരിക്കിലേക്ക് നീങ്ങി ചെടിക്കളുടേയും പൂക്കളുടേയും സന്തോഷം കണ്ട് മതിമറന്ന് നിന്നുപ്പോയി രണ്ടുപ്പേരും.

അങ്ങനെ മീനമാസ ചൂട് വീണ്ടും വന്നു തുടങ്ങി.ഭൂമി വറ്റിവരണ്ടു. ചെടികളും മരങ്ങളും പൂക്കളും കരിഞ്ഞുണങ്ങി. ദാഹജലത്തിനായി പക്ഷിമൃഗാദികൾ അങ്ങുമിങ്ങും പോകാൻ തുടങ്ങി. ജനങ്ങൾ കിലോമീറ്റർ താണ്ടി ജലത്തിനായി നെട്ടോട്ടം ഓടാൻ തുടങ്ങി. എല്ലാവരും മാനത്തേക്കു നോക്കിനിന്നു. മഴക്കായി കാത്തുനിന്നു;പ്രതീക്ഷയോടെ......

നിവേദ്യ രാഘവൻ

# യാത്രാനുഭവം

അമ്മയിമൊത്ത് ആദ്യമായി കോട്ടയത്ത് പോയപ്പോൾ കടത്തുരത്തിയിലെ അഗ്രികൾച്ചറൽ തീം പാർക്കായ മാഗോ മെട്രോസിൽ പോയ അനുഭവം ആണ്. എന്റെ 15 വർഷത്തെ ജീവിതത്തിലെ ഏറ്റവും മനോഹരമായ യാത്ര. ഞാൻ മാത്രമല്ല , എന്റെ അമ്മയും അനുജത്തിയും കൂടെ ഉണ്ടായിരുന്നു. ഞങ്ങൾ മൂന്നുപേരും കൂടെ അമ്മയുടെ സുഹൃത്തിന്റെ വീട്ടിൽ പേകുന്ന വഴിക്കാണ് ഈ സ്ഥലം സന്ദർശിച്ചത്. സ്ഥലത്ത് എത്തിയയുടനെ ഞങ്ങൾക്ക് മൂന്നുപേർക്കും ഏകദേശം 1200 രൂപയോളമായി ടിക്കറ്റിന്. അതൊരു അഗ്രികൾച്ചറൽ തീം പാർക്ക് മാത്രമല്ല ഒരു children’s park കൂടിയാണ്. ഇങ്ങനെ പറയാൻ കാരണം ആ 1200 രൂപയുടെ ടിക്കറ്റിൽ ഒരു boating,Archery,fishing എന്നിങ്ങനെ ഒരുപാടുണ്ടായിരുന്നു. മാത്രമല്ല, ചെറിയ കുട്ടികളുടെ പാർക്കും swimming Pool അങ്ങനെ പല ഇനം കളിസ്ഥലങ്ങൾ ഒത്ത ഒരു തീം പാർക്കാണ് അത്. അഗ്രികൾച്ചറൽ ഫാം

അയതുകൊണ്ടുതന്നെ ഞനിതുവരെ നടത്തിയ യാത്രയിൽ ജീവിതത്തിൽ ഇതുവരെ കാണാത്തെ പലതരം മരങ്ങളും ഉണ്ടായിരുന്നു. കേരളത്തിലെ ഒട്ടുമിക്ക മരങ്ങളും അവിടെ ഉണ്ട്. അവിടെ നമുക്കായി കൂടെ എല്ലാം പറഞ്ഞുതരാൻ ഒരു ഗൈഡും ഉണ്ടാകും. ഞങ്ങൾ കുറച്ചുനേരം മരങ്ങളുടെ വേരും മറ്റും പറയുന്നതിലേക്ക് ശ്രദ്ധ നൽകി. എല്ലാ മരങ്ങളുടെയും വിവിധ ജില്ലകളിൽ വിളിക്കുന്ന പേരും ഞങ്ങൾക്ക് പറഞ്ഞു


തന്നു അതുകഴിഞ്ഞ് അവിടെയുള്ള കുറച്ച് ശിൽപ്പങ്ങളുടെ ഭംഗി ആസ്വദിച്ചു. അവിടെയാണ് ഏറ്റവും വലിയ ബൈബിളിന്റെ ശിൽപ്പം ഉള്ളത്. ഞങ്ങൾ അതിലേക്ക് ശ്രദ്ധ തിരിച്ചു. ഇതുവരെ ബൈബിൾ കാണാത്ത എനിക്ക് അതിൽ എഴുത്തിയിരിക്കുന്നതെന്തെന്ന് മനസ്സിലായില്ല. പിന്നെ അവിടെ ഇത്ത് വാരിക്കൊണ്ടിരിക്കുന്ന ചേച്ചി കഥകൾ പറഞ്ഞു കൊണ്ടിരുന്നു. പിന്നെ ചേച്ചി പറഞ്ഞതനുസരിച്ച് ആ പാർക്കിലെ അടുത്ത സ്ഥലത്തേക്ക് നടന്നു. അവിടെ പല ഇനങ്ങളിൽ-
പ്പെടുന്ന പശുക്കളും ആടുകളുമൊക്കെ ഉണ്ടായിരുന്നു.അതു കഴിഞ്ഞ് ഞങ്ങൾ സൈക്കിളിംഗിന് പോയി. അവിടെ ചെന്നാൽ ചുറ്റും വഴികളാ-
യതുകൊണ്ട് എവിടെയെങ്കിലും ചെന്നുപെട്ടാൽ പിന്നെ കണ്ടുപിടിക്കുക
പ്രയാസമുള്ള കാര്യമാണ്.

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് സിമ്മിഗ് പൂൾ ആയിരുന്നു.
ചെറിയ കുട്ടികൾ മുതൽ മുതിർന്നവർക്കുവരെ കളിക്കാനാവുന്ന സിമ്മിം-
ഗ് പൂൾ. പ്രൈവറ്റ് സിമ്മിംഗ് പൂൾ ഉൾപ്പടെ നാല് പൂൾ ഉണ്ട്. പിന്നെ
എടുത്ത് പറയാനുള്ള കാര്യം മീൻ പിടുത്തമാണ്. ചൂണ്ടയും ഇരയും അവർ തരും. എന്നിട്ട് അവിടെയുള്ളൊരു പുഴയിൽ ചൂണ്ടയിടാം. അവി-
ടെ നിന്ന് കിട്ടുന്ന മീനെ നമുക്ക് എടുക്കാം. ഇതൊക്കെയായിരുന്നു എൻെറ അവിടെയുള്ള അനുഭവം. കൃഷി എന്നതിനെ മുൻനിർത്തി അത് പഠിക്കാൻ പഠനയാത്ര പോകുന്നുണ്ടെങ്കിൽ എന്തുകൊണ്ടും ഈ സ്ഥലം ഒരു നല്ല ഓപ്ഷൻ തന്നെയാണ്.

നിരഞ്ജൻ കെ ആർ

# വര




MANEESH.G.
Shot on OnePlus
By Maneesh G



MANEESH.G.
Shot on OnePlus
By Maneesh G




By,
Siya mathew
IX:B


By
Siya mathew
IX:B


Navami Narendran
Class 9C


Navami Narendran
class 9C


Joel Thoma
by



# നന്ദി